# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2681

17.06.2019-ൽ മറുപടിയ്ക്ക്.

## പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് സഹായം

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**ഉത്തരം**

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണവകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെ പറയുന്നവയാണ് നടപ്പിലാക്കിയത്.

| ക്രമ നം | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക(ലക്ഷം) |
|---|---|---|---|---|
| 1. | ഗോദാനം (ഒരു പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2. | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3. | അവശ്യാധിഷ്ഠിത ധനസഹായം | 50000 | 1500 | 750 |
| 4. | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5. | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ, വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും, പാലക്കാട് ജില്ലയിൽ 8 കിടാരികളെയും, എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.
വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ നേരിട്ട് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.
പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം മൃഗസംരക്ഷണ വകുപ്പ് 21,99,47,640/- രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത മേഖലയിലെ പുനരുജ്ജീവനത്തിനായി 2019-20 സാമ്പത്തിക വർഷം മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

<u>കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി</u>

ഒരു ഗുണഭോക്താവിന് പരമാവധി 5,000/- (അയ്യായിരം രൂപ) വരെയാണ് ഈ ഇനത്തിൽ നൽകിയത്. സംസ്ഥാനമൊട്ടാകെ 6291 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതിയായ NLM ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി**

പ്രളയം ഏറ്റവും കൂടുതൽ നഷ്ടം വിതച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ National Livestock Mission ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഒരു യൂണിറ്റിൽ 10 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന 11 ആടുകൾ ആണ് ഉള്ളത്. ഒരു ഗുണഭോക്താവിന് 59,400/- രൂപ ധനസഹായത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ 387 കർഷകർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു.

2019-20 സാമ്പത്തിക വർഷം പ്രളയബാധിത മേഖലകളിലെ മൃഗസംരക്ഷണ രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി പുതിയ പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, വയനാട് എന്നീ 7 ജില്ലകളിൽ കിടാരി വളർത്തൽ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നു. മെച്ചപ്പെട്ട കിടാരികളെ വളർത്തിക്കൊണ്ടുവന്ന് മികച്ച പ്രത്യുല്പാദന ശേഷിയുള്ള പശുക്കളാക്കി മാറ്റുക എന്നുള്ളതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒരു കർഷകന് ഒരു കിടാരിയെ വാങ്ങി വളർത്തുന്നതിനും 6 മാസക്കാലയളവിലേക്കുള്ള തീറ്റ ഇനത്തിലും സഹായം നൽകുന്നു. ഇത്തരത്തിൽ ഒരു കർഷകന് 25,000/- രൂപയുടെ സഹായം നൽകിക്കൊണ്ട് 1120 യൂണിറ്റുകൾ നടപ്പിലാക്കും.

**സെക്ഷൻ ഓഫീസർ**